1005

# SAMAGRA SHIKSHA, KERALA

## പാദവാർഷിക മൂല്യനിർണയം - 2018

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : X

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

---

**നിർദ്ദേശങ്ങൾ:**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 18 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. 'മനുഷ്യന് ചില അവകാശങ്ങളുണ്ട് അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല.' ഇത് ആരുടെ വാക്കുകളാണ്? (1)

   എ. വോൾട്ടയർ

   ബി. റൂസ്സോ

   സി. ജോൺലോക്ക്

   ഡി. തോമസ് പെയിൻ

2. തുല്യ അന്തരീക്ഷമർദ്ദം അനുഭവപ്പെടുന്ന സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കല്പിക രേഖകൾ ഏത് പേരിൽ അറിയപ്പെടുന്നു? (1)

3. അഴിമതി തടയുന്നതിന് ദേശീയതലത്തിൽ 1964 -ൽ രൂപംനൽകിയ സ്ഥാപനം ഏത്? (1)

4. സ്റ്റാൻഡേർഡ് സമയം എന്നാലെന്ത്? ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്? (2)

5. സംയോജിത ശിശുവികസന സേവന പരിപാടിയുടെ ലക്ഷ്യങ്ങൾ എഴുതുക. (2)

6. ശാശ്വത ഭൂനികുതിവ്യവസ്ഥയുടെ ഏതെങ്കിലും രണ്ട് സവിശേഷതകളെഴുതുക. (2)

7. ചോർച്ചാസിദ്ധാന്തം ആവിഷ്കരിച്ചതാര്? ഈ സിദ്ധാന്തം പ്രതിപാദിച്ചിരിക്കുന്നത് ഏത് ഗ്രന്ഥത്തിലാണ്? (2)

8. കോളനികളിൽ മൂലധന നിക്ഷേപം നടത്താൻ മുതലാളിത്ത രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങളേവ? (2)

9. സാമ്പത്തികരംഗത്തെ മാറ്റങ്ങൾക്കായി നെപ്പോളിയൻ ഫ്രാൻസിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളേവ? (2)

10. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള പ്രയോജനങ്ങളേവ? (3)

11. അന്താരാഷ്ട്രദിനാങ്കരേഖയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. (3)

12. താപം, ഉയരം, ആർദ്രത എന്നീ ഘടകങ്ങൾ അന്തരീക്ഷമർദ്ദത്തെ സ്വാധീനിക്കുന്നതെങ്ങനെ? (3)

13. കാറ്റിന്റെ വേഗതയേയും ദിശയേയും സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം? (3)

14. സോഷ്യലിസത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ നിന്നുള്ള വ്യതിചലനമാണ് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുള്ള ഒരു കാരണം. മറ്റ് കാരണങ്ങളേവ? (3)

15. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സമാനതകളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക. (3)

16. ലാറ്റിനമേരിക്കൻ ജനത അനുഭവിച്ച വിവേചനങ്ങളേവ? (3)

17. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. (4)

| പ്രധാന കേന്ദ്രങ്ങൾ | നേതൃത്വം നൽകിയവർ |
|---|---|
| ഡൽഹി | ———എ——— |
| ———ബി——— | റാണി ലക്ഷ്മിഭായി |
| ലഖ്നൗ | ———സി——— |
| ———ഡി——— | നാനാസാഹേബ് |

18. 'എ' കോളത്തിലെ ഓരോന്നിനും അനുയോജ്യമായവ 'ബി' കോളത്തിൽ നിന്ന് തിരഞ്ഞെടുത്ത് ക്രമപ്പെടുത്തി എഴുതുക. (4)

| എ | ബി |
|---|---|
| വാണിജ്യവാതങ്ങൾ | റോറിംഗ് ഫോർട്ടീസ് |
| പശ്ചിമവാതങ്ങൾ | ഇന്റർട്രോപ്പിക്കൽ കൺവെർജന്റ് സോൺ |
| മൺസൂൺ കാറ്റുകൾ | ലൂ |
| പ്രാദേശികവാതങ്ങൾ | കാലികവാതം |

**19 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം (6 x 4 = 24)**

19. പൊതുഭരണം എന്നാലെന്ത്? അതിന്റെ പ്രാധാന്യം വ്യക്തമാക്കുക.

20. ഏതുതരം കാറ്റിനെയാണ് ചിത്രത്തിൽ സൂചിപ്പിച്ചിട്ടുള്ളത്? ഈ കാറ്റ് ഉണ്ടാകുന്നതെങ്ങനെയെന്ന് വ്യക്തമാക്കുക.



21. വ്യത്യാസം കുറിക്കുക.

- താഴ്വരക്കാറ്റ്
- പർവതക്കാറ്റ്

22. മാനവവിഭവശേഷിവികസനത്തിന്റെ വിവിധ തലങ്ങളേവ?

23. ലോക്പാൽ, ലോകായുക്ത ഇവ ഓരോന്നും വിശദമാക്കുക.

24. മാനവവിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വ്യക്തമാക്കുക.

25. ഗ്രീനിച്ച് സമയം രാവിലെ 10 മണി ആയിരിക്കുമ്പോൾ ചുവടെ നൽകിയിട്ടുള്ള രേഖാംശങ്ങളിലെ സമയം കണക്കാക്കുക.

എ. $90^\circ$ പടിഞ്ഞാറ്

ബി. $120^\circ$ കിഴക്ക്

26. ഒന്നാം ലോകയുദ്ധത്തിന് കാരണമായ അന്താരാഷ്ട്ര പ്രതിസന്ധികളേവ? വിശദമാക്കുക.

27. ചുവടെ നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലം വിശദമാക്കുക.

- സാമൂഹിക അസമത്വം
- ചിന്തകന്മാരുടെ സ്വാധീനം
- ഭരണാധികാരികളുടെ സ്വേച്ഛാധിപത്യനയങ്ങൾ

(6)

**അല്ലെങ്കിൽ**

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ റഷ്യൻ വിപ്ലവം വിശദമാക്കുക.

- ഫെബ്രുവരി വിപ്ലവം
- ഒക്ടോബർ വിപ്ലവം

28. ഭൂമിയിൽ അനുഭവപ്പെടുന്ന ഋതുക്കൾ ഏതെല്ലാം? അവയിൽ ഏതെങ്കിലും രണ്ടെണ്ണം വിശദീകരിക്കുക.

(6)

**അല്ലെങ്കിൽ**

ചുവടെ നൽകിയിട്ടുള്ള അക്ഷാംശരേഖകളിൽ സൂര്യരശ്മി ലംബമായി പതിക്കുന്ന ദിവസങ്ങൾ ഏതെല്ലാം? ഈ ദിവസങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക.

- ഭൂമധ്യരേഖ
- ഉത്തരായനരേഖ
- ദക്ഷിണായനരേഖ